# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഇരത്ത് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്സ്.എ.പി.ടി.എ.പി - 10/420/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയതി: 30/06/2021
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇരത്ത് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഇരത്ത് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇരത്ത് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്സ്.എ.പി.ടി.എ.പി - 10/420/2021 തീയ്യതി: 30/06/2021

## പത്തനംതിട്ട ജില്ലയിലെ ഇരത്ത് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ ഇരത്ത് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 21-06-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി പി.കെ വിജയലക്ഷ്മി | ഡെപ്യൂട്ടി ഡയറക്ടർ | 17-06-2021 | 25-06-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 17-06-2021 | 25-06-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ സി അനിൽകുമാർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി വീണ സി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ജയപ്രഭ പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ ശ്രീകുമാർ എസ്സ്, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഷൈലാ റജി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീമതി സുചിത്രാ ദേവി എം | സെക്രട്ടറി | 01-04-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ജി അനിമോൻ | കൃഷി ഓഫീസർ | 01-04-2019 | 27-08-2019 |
| ശ്രീ മനു നരേന്ദ്രൻ | കൃഷി ഓഫീസർ | 28-08-2019 | 31-03-2020 |
| ശ്രീമതി രമ്യാ സത്യൻ വി | അസിസ്റ്റന്റ് എൻജിനീയർ | 01-04-2019 | 13-11-2019 |
| ശ്രീ ഗോകുൽ കൃഷ്ണൻ കെ ജി | അസിസ്റ്റന്റ് എൻജിനീയർ | 14-11-2019 | 30-12-2019 |
| ശ്രീ അജിത്ത് ബി | അസിസ്റ്റന്റ് എൻജിനീയർ | 01-01-2020 | 06-01-2020 |
| ശ്രീ ഉദീഷ് യു | അസിസ്റ്റന്റ് എൻജിനീയർ | 07-01-2020 | 31-03-2020 |
| ശ്രീമതി സജി പി വിജയൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ശ്രീമതി ബൃന്ദ എസ്സ് ജ്യോതി | ഐ.സി.ഡി.എസ്സ് സൂപ്പർവൈസർ | 01-04-2019 | 22-01-2020 |
| ശ്രീമതി കവിതാ കൃഷ്ണൻ | ഐ.സി.ഡി.എസ്സ് സൂപ്പർവൈസർ | 23-01-2020 | 31-03-2020 |
| ശ്രീമതി രാധിക | ലേഡി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 07-07-2019 |
| ശ്രീമതി സജിനാ ബീവി എസ്സ് | ലേഡി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 08-07-2019 | 31-03-2020 |
| ശ്രീ മുഹമ്മദ് ഇക്ബാൽ | വില്ലേജ് എക്സറ്റൻഷൻ ഓഫീസർ | 01-04-2019 | 05-07-2019 |
| ശ്രീ രതീഷ് | വില്ലേജ് എക്സറ്റൻഷൻ | 10-07-2019 | 24-02-2020 |

| | | | |
|---|---|---|---|
| കുമാർ.റ്റി | ഓഫീസർ | | |
| ഡോ.ഹരീഷ് എം | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2019 | 31-03-2020 |
| ഡോ മാൻസി അലക്സ് | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2019 | 31-03-2020 |
| ശ്രീമതി ശ്യാമള വി ആർ | ഹെഡ്മിസ്ട്രസ്സ് | 01-04-2019 | 31-03-2020 |
| ഡോ. ആഷാ അലക്സ് | വെറ്ററിനറി സർജൻ( ഏറ്റത്ത് സർക്കിൾ) | 01-04-2019 | 04-12-2019 |
| ഡോ. അനിതാ ജി | വെറ്ററിനറി സർജൻ( ഏറ്റത്ത് സർക്കിൾ) | 05-12-2019 | 31-03-2020 |
| ഡോ. സായി പ്രസാദ് | വെറ്ററിനറി സർജൻ(വയലാ സർക്കിൾ) | 01-04-2019 | 31-07-2019 |
| ഡോ.ജൂലിയറ്റ് ബി പിള്ള | വെറ്ററിനറി സർജൻ(വയലാ സർക്കിൾ) | 01-08-2019 | 31-03-2020 |
| ശ്രീമതി ഷൈല എ കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |

.

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sreekumar.S (Auditor, On 26-06-2021)<br>Last Updated By: Sreekumar.S (Auditor, On 26-06-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Jayaprabha P (Asst. Audit Officer, On 26-06-2021)<br>Last Updated By: Snigdha S (Audit Officer (HG), On 30-06-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Jayaprabha P (Asst. Audit Officer, On 26-06-2021)<br>Last Updated By: Snigdha S (Audit Officer (HG), On 30-06-2021) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Jayaprabha P (Asst. Audit Officer, On 21-06-2021)<br>Last Updated By: C. Anilkumar (Audit Officer, On 30-06-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Jayaprabha P (Asst. Audit Officer, On 27-06-2021)<br>Last Updated By: Snigdha S (Audit Officer (HG), On 30-06-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: C. Anilkumar (Audit Officer, On 26-06-2021)<br>Last Updated By: Snigdha S (Audit Officer (HG), On 30-06-2021) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Jayaprabha P (Asst. Audit Officer, On 26-06-2021)<br>Last Updated By: Snigdha S (Audit Officer (HG), On 30-06-2021) | 1-7 |
| 8 | ക്യാഷ് വേരിഫിക്കേഷൻ<br>Written By: Sreekumar.S (Auditor, On 26-06-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-06-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: C. Anilkumar (Audit Officer, On 25-06-2021)<br>Last Updated By: C. Anilkumar (Audit Officer, On 29-06-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Jayaprabha P (Asst. Audit Officer, On 26-06-2021)<br>Last Updated By: Snigdha S (Audit Officer (HG), On 30-06-2021) | 1-10 |
| 11 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിഭജിച്ച് വസ്തു നികുതി നിർണ്ണയിക്കുന്നു<br>Written By: Sreekumar.S (Auditor, On 27-06-2021)<br>Last Updated By: Snigdha S (Audit Officer (HG), On 30-06-2021) | 1-11 |
| 12 | സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി പിരിക്കുന്നില്ല<br>Written By: Sreekumar.S (Auditor, On 27-06-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-06-2021) | 1-12 |
| 13 | പൊതുമരാമത്ത് പ്രവൃത്തികളുടെ കാലാവധി ദീർഘീകരണം - പിഴ ചുമത്തുന്നതിന് പൊതുമരാമത്ത് മാന്വലിലെ നിർദ്ദേശം പാലിക്കുന്നില്ല<br>Written By: C. Anilkumar (Audit Officer, On 25-06-2021)<br>Last Updated By: C. Anilkumar (Audit Officer, On 30-06-2021) | 1-13 |
| 14 | ഇ ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് തിരികെ ലഭിക്കുന്നതിന് കാല താമസം<br>Written By: C. Anilkumar (Audit Officer, On 25-06-2021)<br>Last Updated By: Snigdha S (Audit Officer (HG), On 30-06-2021) | 1-14 |
| 15 | ടാറിംഗ് / റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും | 1-15 |

| | | |
|---|---|---|
| | കാലി ബാരൽ വിലയും ആയതിന്റെ ജി.എസ്.ടി യും ഈടാക്കിയില്ല<br>Written By: C. Anilkumar (Audit Officer, On 27-06-2021)<br>Last Updated By: Snigdha S (Audit Officer (HG), On 30-06-2021) | |
| 16 | ബാരൽ വില കൺസോളിഡേറ്റഡ് ഫണ്ടിലേക്കും ജി.എസ്.ടി ചരക്ക് സേവന നികുതി വകുപ്പിലേക്കും ഒടുക്ക് വരുത്തിയില്ല<br>Written By: C. Anilkumar (Audit Officer, On 27-06-2021)<br>Last Updated By: C. Anilkumar (Audit Officer, On 30-06-2021) | 1-16 |
| 17 | ലൈഫ് ഭവന പദ്ധതി -ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല<br>Written By: Sreekumar.S (Auditor, On 27-06-2021)<br>Last Updated By: C. Anilkumar (Audit Officer, On 30-06-2021) | 1-17 |
| 18 | പൊതുമരാമത്ത് പ്രവൃത്തികൾക്ക് വകയിരുത്തിയ 4.10കോടി രൂപ ലാപ്സായി<br>Written By: C. Anilkumar (Audit Officer, On 27-06-2021)<br>Last Updated By: C. Anilkumar (Audit Officer, On 30-06-2021) | 1-18 |
| 19 | സ്കൂൾ മേൽക്കൂരയിൽ നിന്നും പൊളിച്ചു മാറ്റിയ പഴയ ഓട് നാളിതു വരെ ലേലം ചെയ്തില്ല<br>Written By: C. Anilkumar (Audit Officer, On 27-06-2021)<br>Last Updated By: C. Anilkumar (Audit Officer, On 30-06-2021) | 1-19 |
| 20 | ഡെപ്പോസിറ്റ് പ്രവൃത്തി- നിർവ്വഹണ ഏജൻസിയിൽ അവശേഷിച്ച തുക തിരികെ ഈടാക്കിയില്ല<br>Written By: Jayaprabha P (Asst. Audit Officer, On 26-06-2021)<br>Last Updated By: C. Anilkumar (Audit Officer, On 30-06-2021) | 1-20 |
| 21 | തെരുവ് വിളക്ക് സ്ഥാപിക്കലും അറ്റകുറ്റപ്പണികളും-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ<br>Written By: Veena C (Asst. Audit Officer, On 27-06-2021)<br>Last Updated By: C. Anilkumar (Audit Officer, On 30-06-2021) | 1-21 |
| 22 | നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല<br>Written By: Veena C (Asst. Audit Officer, On 27-06-2021)<br>Last Updated By: Snigdha S (Audit Officer (HG), On 30-06-2021) | 1-22 |
| 23 | മരുന്നുകളും ഉപകരണങ്ങളും ലഭ്യമാകാൻ അവശേഷിക്കുന്നു<br>Written By: Veena C (Asst. Audit Officer, On 28-06-2021)<br>Last Updated By: Snigdha S (Audit Officer (HG), On 30-06-2021) | 1-23 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | സംയുക്തപദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jayaprabha P (Asst. Audit Officer, On 25-06-2021)<br>Last Updated By: Snigdha S (Audit Officer (HG), On 30-06-2021) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Jayaprabha P (Asst. Audit Officer, On 25-06-2021)<br>Last Updated By: C. Anilkumar (Audit Officer, On 30-06-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കാൻ അവശേഷിക്കുന്നത് | 4-3 |

| | | |
|---|---|---|
| | Written By: Jayaprabha P (Asst. Audit Officer, On 21-06-2021)<br>Last Updated By: Snigdha S (Audit Officer (HG), On 30-06-2021) | |
| 4 | വായ്പ/ വായ്പാ തിരിച്ചടവ്<br>Written By: Jayaprabha P (Asst. Audit Officer, On 25-06-2021)<br>Last Updated By: Snigdha S (Audit Officer (HG), On 30-06-2021) | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Jayaprabha P (Asst. Audit Officer, On 25-06-2021)<br>Last Updated By: Jayaprabha P (Asst. Audit Officer, On 25-06-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Jayaprabha P (Asst. Audit Officer, On 25-06-2021)<br>Last Updated By: C. Anilkumar (Audit Officer, On 30-06-2021) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Jayaprabha P (Asst. Audit Officer, On 25-06-2021)<br>Last Updated By: C. Anilkumar (Audit Officer, On 30-06-2021) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം<br>Written By: Jayaprabha P (Asst. Audit Officer, On 25-06-2021)<br>Last Updated By: Jayaprabha P (Asst. Audit Officer, On 25-06-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jayaprabha P (Asst. Audit Officer, On 25-06-2021)<br>Last Updated By: C. Anilkumar (Audit Officer, On 29-06-2021) | 4-9 |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Jayaprabha P (Asst. Audit Officer, On 25-06-2021)<br>Last Updated By: C. Anilkumar (Audit Officer, On 29-06-2021) | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

ഭാഗം -1

## 1-1 ബജറ്റ്

2019-20വർഷത്തെ ബഡ്ജറ്റ് 04.02.2019 ൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ അവതരിപ്പിച്ച ശേഷം ഭരണസമിതിയുടെ 12.02.2019ലെ 1- ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ്/ പരിഷ്കരിച്ച ബജറ്റ് 22.02.2020 തീയതിയിൽ അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യ പത്രിക

ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ വാർഷിക ധനകാര്യ പത്രിക 15/05/2020-ന് ഇ-സബ്മിറ്റ് ചെയ്തിരുന്നു. വാർഷിക ധനകാര്യ പത്രികയുടെ പരിശോധന പ്രകാരം കണ്ടെത്തിയ പ്രധാന അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) ബാലൻസ് ഷീറ്റിലെ ചുവടെ ചേർക്കുന്ന തുകകളുടെ കൃത്യത ഉറപ്പു വരുത്തുന്നതിനുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല.

| ക്രമ നമ്പർ | ഷെഡ്യൂൾ | ഇനം | തുക | റിമാർക്സ് |
|---|---|---|---|---|
| 1. | B-4 | Contributions For Joint Venture Projects(For Capital Expenditure From Block Panchayaths) | 36067 | |
| 2. | B-9 | Recoveries Payable - VAT | 50 | |
| 3. | B-9 | Government And Other Dues Payable-VAT | 61614 | |
| 4. | B-9 | Government And Other Dues Payable- Others | 1656 | |

2)ഗ്രാമപ്പഞ്ചായത്ത് ജീവനക്കാരുടെ തൊഴിൽ നികുതി ആയി ഒടുക്കിയ തുകയ്ക്ക് ( 35250 രൂപ ) രസീത് രേഖപ്പെടുത്താത്തതിനാൽ Receipt And Payment Statement ൽ ഉൾപ്പെട്ടിട്ടില്ല.

3) ഷെഡ്യൂൾ B11(A) – ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സായി കാണിച്ചിട്ടുള്ളത്.Rs.2365080 രൂപയാണ്. എന്നാൽ അസിസ്റ്റന്റ് എൻജിനീയർ ഹാജരാക്കിയ കണക്കുകൾ പ്രകാരം ടി തുക 3468524 രൂപയാണ്.

4)വസ്തു നികുതി - ഡിമാന്റ് , കളക്ഷൻ തുകകൾ സഞ്ചയ സോഫ്റ്റ് വെയറുമായി പൊരുത്തപ്പെടുന്നില്ല.
5)ഷെഡ്യൂൾ RP-10– ഓഡിറ്റ് റിക്കവറി തുക 3750 രൂപയാണ്. എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ ഇത് 5000 രൂപയെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.
6)ക്ഷേമ പെൻഷൻ- വാർഷിക കണക്കിലെ ചെലവുകൾ സേവന സോഫ്റ്റ്‌വെയറുമായി പൊരുത്തപ്പെടുന്നില്ല.

| 1. | | വാർഷിക കണക്കുകൾ പ്രകാരമുള്ളത് | സേവന സോഫ്റ്റ്‌വെയർ പ്രകാരമുള്ളത് |
|---|---|---|---|
| 2. | കർഷകത്തൊഴിലാളി പെൻഷൻ | 381600 | 820800 |
| 3. | വികലാംഗ പെൻഷൻ | 1158800 | 17970600 |
| 4. | വാർദ്ധക്യ കാല പെൻഷൻ | 7881600 | 2567200 |
| 5. | 50 വയസ്സിന് മുകളിലുള്ള | 142200 | 298200 |

| | | | |
|---|---|---|---|
| | അവിവാഹിതരുടെ പെൻഷൻ | | |
| 6. | വിധവാ പെൻഷൻ | 3709200 | 7398000 |

## 1-3 സാമ്പത്തിക വിശകലനം

| ഇനം | തുക(രൂപ) |
|---|---|
| മുന്നിരിപ്പ് | 18558882 |
| ഓഡിറ്റ് വർഷത്തെ വരവ് | 119108037 |
| ആകെ | 137666919 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 103401896 |
| നീക്കിയിരിപ്പ് | 34265023 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ബാക്കി തുക | ബാക്കി തുകയുടെ വിശദാംശം | |
|---|---|---|---|---|---|---|---|
| | | | | | | ട്രഷറി ക്യൂബിൽ | ലാപ്സായ തുക |
| വികസനഫണ്ട് (ജനറൽ) | 0 | 13673000 | 13673000 | 11909466 | 1763534 | 25000 | 1738534 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 11782000 | 11782000 | 9346357 | 2435643 | 319999 | 2115644 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 10450000 | 10450000 | 6641048 | 3808952 | 1686461 | 2122491 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 50096000 | 50096000 | 18916343 | 31179657 | 6656587 | 24523070 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 3979000 | 3979000 | 2289413 | 1689587 | 205910 | 1483677 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച്) | | | | | | | |
| | | | | | | | |
| ശുചിത്വ മിഷൻ | 3978581 | 0 | 3978581 | 374055 | 3604526 | | |
| സംസ്ഥാന വിഹിതം(ലൈഫ്) | 0 | 13400000 | 13400000 | 4848600 | 8551400 | | |
| കേന്ദ്രാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച്) | | | | | | | |
| എം.ജി.എൻ.ആർ.ജി.എസ് | 12796 | 35738050 | 35750846 | 35744428 | 6418 | | |
| ഐ.സി.ഡി.എസ്. | 798950 | 746113 | 1545063 | 1446021 | 99042 | | |
| ഒ.ഡി.എഫ് | 108000 | 0 | 108000 | 108000 | 0 | | |

വികസന ഫണ്ട് ജനറൽ, എസ്സ്.സി.പി എന്നിവയുടെ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് തുകകൾ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

1)<u>വികസന ഫണ്ട് ജനറൽ - ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് തുകയിൽ കുറവ്</u>

അലോട്ട്മെന്റ് പ്രകാരം സർക്കാർ അനുവദിച്ച വിഹിതമാണ് യഥാർത്ഥ വരവെന്നിരിക്കേ, ലൈഫ് മിഷൻ വായ്പാ മുതൽ തിരിച്ചടവ്, 2018-19ൽ അങ്കണവാടി ജീവനക്കാരുടെ പ്രതിഫലത്തിൽ ഈടാക്കുന്ന തുക എന്നിവ സ്രോതസ്സിൽ നിന്നും കുറവ് ചെയ്തതിന് ശേഷം പൊതു വിഭാഗത്തിൽ അനുവദിച്ച അറ്റ തുകയാണ് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവായി ചേർത്തിട്ടുള്ളത്. സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത തുക ജി.ഒ പ്രോജക്ടായി സുലേഖ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയപ്പോൾ വരവായി എടുക്കാത്ത തുക ചെലവിൽ ഉൾപ്പെടുകയും നീക്കിയിരിപ്പിലും ലാപ്സായ തുകയിലും കുറവുണ്ടാകുകയും ചെയ്തു. വിശദാംശം ചുവടെ ചേർക്കുന്നു.

| വികസന ഫണ്ട് (ജനറൽ) | യഥാർത്ഥ അലോട്ട്മെന്റ് | സ്രോതസ്സിൽ നിന്നും കുറവു ചെയ്ത തുക | | പൊതുവിഭാഗത്തിൽ അനുവദിച്ച അറ്റ തുക | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വരവ് |
|---|---|---|---|---|---|
| | | ലൈഫ് മിഷന് വായ്പാ മുതൽ തിരിച്ചടവ് | 2018-19ൽ അങ്കണവാടി ജീവനക്കാരുടെ പ്രതിഫലത്തിൽ ഈടാക്കുന്ന തുക | | |
| ഒന്നാംഗഡു | 4557700 | | | 4557700 | 4557700 |
| രണ്ടാം ഗഡു | 4557700 | 904412 | | 3653288 | 3653288 |
| മൂന്നാം ഗഡു | 4557600 | 904412 | 525600 | 3127588 | 3127588 |
| ആകെ | 13673000 | 1808824 | 525600 | 11338576 | 11338576 |

2) <u>വികസന ഫണ്ട് - എസ്സ്.സി പി - ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് തുകയിൽ കുറവ്</u>

അലോട്ട്മെന്റ് പ്രകാരം സർക്കാർ അനുവദിച്ച വിഹിതമാണ് യഥാർത്ഥ വരവെന്നിരിക്കേ, ലൈഫ് മിഷൻ വായ്പാ മുതൽ തിരിച്ചടവ് സ്രോതസ്സിൽ നിന്നും കുറവ് ചെയ്തതിന് ശേഷം എസ്സ്.സി.പി വിഭാഗത്തിൽ അനുവദിച്ച അറ്റ തുകയാണ് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവായി ചേർത്തിട്ടുള്ളത്. സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത തുക ജി.ഒ പ്രോജക്ടായി സുലേഖ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയപ്പോൾ വരവായി എടുക്കാത്ത തുക ചെലവിൽ ഉൾപ്പെടുകയും നീക്കിയിരിപ്പിലും ലാപ്സായ തുകയിലും കുറവുണ്ടാകുകയും ചെയ്തു. വിശദാംശം ചുവടെ ചേർക്കുന്നു.

| വികസന ഫണ്ട് (എസ്സ്.സി.പി)) | യഥാർത്ഥ അലോട്ട്മെന്റ് | സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത തുക (ലൈഫ് മിഷന് വായ്പാ മുതൽ തിരിച്ചടവ് ) | പൊതുവിഭാഗത്തിൽ അനുവദിച്ച അറ്റ തുക | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വരവ് |
|---|---|---|---|---|
| ഒന്നാംഗഡു | 3927300 | | 3927300 | 3927300 |
| രണ്ടാം ഗഡു | 3927300 | 132353 | 3794947 | 3794947 |
| മൂന്നാം ഗഡു | 3927400 | 132353 | 3795047 | 3795047 |
| ആകെ | 11782000 | 264706 | 11517294 | 11517294 |

## <u>1-5 പദ്ധതി അവലോകനം</u>

| അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | പദ്ധതി അടങ്കൽ | പദ്ധതിച്ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|
| 253 | 196184317 | 93042320 | 25 | 73 | 61.26 |

## <u>1-6 തൊഴിലുറപ്പ് പദ്ധതി</u>

| ഇനം | മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ഭരണച്ചെലവുകൾ | 12796 | 1225356 | 1231734 | 6418 |
| | | | | |

| | | | | |
|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 33785694 | 33785694 | 0 |
| 100 തൊഴിൽ ദിനം പൂർത്തിയാക്കിയ ഗുണഭോക്താക്കൾക്ക് നൽകുന്നത് | 0 | 727000 | 727000 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്രമ നമ്പർ | പെൻഷൻ ഇനം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവ് തുക |
|---|---|---|---|
| 1. | കർഷകത്തൊഴിലാളി പെൻഷൻ | 105 | 820800 |
| 2. | വികലാംഗ പെൻഷൻ | 335 | 17970600 |
| 3. | വാർദ്ധക്യകാല പെൻഷൻ | 2436 | 2567200 |
| 4. | 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 46 | 298200 |
| 5. | വിധവാ പെൻഷൻ | 1110 | 7398000 |
| 6. | തൊഴിൽ രഹിത വേതനം | 45 | 104640 |

## 1-8 ക്യാഷ് വേരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24-06-21തീയതി 4.30പി.എം ൽ സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 19509 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്ത് ഓഫീസിലെ ആഭ്യന്തര നിയന്ത്രണം പൊതുവെ തൃപ്തികരമാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് ഏജൻസി | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12.01.2016 | 2010-11 മുതൽ 2014-15 വരെ | 11.02.2016 |
| പെർഫോമൻസ് ഓഡിറ്റ് | 05.11.2020 | 1/2020 മുതൽ | 22.03.2021 |

| | | | | |
|---|---|---|---|---|
| | | | 03/2020 വരെ | |

## 1-11 വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിഭജിച്ച് വസ്തു നികുതി നിർണ്ണയിക്കുന്നു

ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി സംബന്ധിച്ച വിവരങ്ങൾ സഞ്ചയ സോഫ്റ്റ് വെയർ മുഖേന പരിശോധിച്ചതിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ വിഭജിച്ച് വസ്തുനികുതി നിർണ്ണയിക്കുന്നതു മൂലം നികുതിയിൽ കുറവുണ്ടായിട്ടുള്ളതായി കണ്ടു. ഗ്രാമപഞ്ചായത്തിലെ വാണിജ്യാവശ്യത്തിനുള്ള 100ച.മീ. വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ,റസ്റ്റോറന്റുകൾ ഷോപ്പുകൾ എന്നിവയ്ക്ക് ബാധകമായ അടിസ്ഥാന വസ്തു നികുതി ച.മീറ്ററിന് 45 രൂപയും വാണിജ്യാവശ്യത്തിനുള്ള 100ച.മീ.ന് മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ,റസ്റ്റോറന്റുകൾ ഷോപ്പുകൾ എന്നിവയ്ക്ക് ബാധകമായ അടിസ്ഥാന വസ്തുനികുതി ച.മീറ്ററിന് 60 രൂപയുമാണ്. 100 ച.മീ. നു മുകളിൽ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടങ്ങളെ വിഭജിച്ച് വസ്തുനികുതി നിർണ്ണയിച്ചതിനാൽ ച.മീറ്ററിന് 45 രൂപ നിരക്കിലാണ് വസ്തുനികുതി ഈടാക്കിയിരിക്കുന്നത്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഉടമസ്ഥന്റെ പേര് | വാർഡ് നം/ കെട്ടിട നം | കെട്ടിടത്തിന്റെ വിസ്തീർണ്ണം (ച.മീ.) | നിർണ്ണയിച്ച അടിസ്ഥാന വസ്തുനികുതി (ച.മീറ്ററിന് 45രൂപ നിരക്കിൽ) | നിർണ്ണയിക്കേണ്ട അടിസ്ഥാന വസ്തുനികുതി- (ച.മീറ്ററിന് 60രൂപ നിരക്കിൽ) | കുറവ് |
|---|---|---|---|---|---|
| മാത്യു മുതലാളി/ സജി തോമസ് | 7/635 | 57.44 | 2584 | 3446 | 862 |
| | 7/636 | 28.72 | 1292 | 1723 | 431 |
| | 7/637 | 86.16 | 3877 | 5169 | 1292 |
| ആകെ | | | | | 2585 |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (08/24.06.21) മറുപടി ലഭ്യമാക്കിയില്ല. 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും)ചട്ടങ്ങളിലെ ചട്ടം3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിടഭാഗത്തിനും പ്രത്യേകം വസ്തുനികുതി ചുമത്തേണ്ടതുള്ളൂ. ആയതിനാൽ 100 ച.മീ. നു മുകളിൽ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടങ്ങളെ വിഭജിച്ച് നടത്തിയ വസ്തുനികുതി നിർണ്ണയങ്ങൾ എല്ലാം പരിശോധിച്ച് കെട്ടിടത്തിന്റെ മുഴുവൻ വിസ്തീർണ്ണത്തിന് ബാധകമായ വസ്തു നികുതി നിരക്കിന്റെ അടിസ്ഥാനത്തിൽ നികുതി പുനർനിർണ്ണയിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-12 സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി പിരിക്കുന്നില്ല

2019-20 സാമ്പത്തിക വർഷം ജീവനക്കാരുടെ തൊഴിൽ നികുതിയായി പഞ്ചായത്ത് പിരിച്ചെടുത്തിരിക്കുന്നത് 3766830 രൂപയാണ്. ഇതിൽ 2433500 രൂപ KAP-3 ബറ്റാലിയനിലെ പോലീസ് ഉദ്യോഗസ്ഥരുടെ തൊഴിൽ നികുതിയാണ്. മറ്റ് സർക്കാർ ഓഫീസുകളിലും സ്കൂളുകളിലും ധനകാര്യസ്ഥാപനങ്ങളിലും നിന്ന് 1324230 രൂപയും തൊഴിൽനികുതിയായി പിരിച്ചിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷം 341 വ്യവസായ വ്യാപാര സ്ഥാപനങ്ങൾക്ക് പഞ്ചായത്ത് ലൈസൻസ് നൽകിയിരുന്നുവെങ്കിലും 5 വാണിജ്യവ്യാപാര സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നായി 9100 രൂപ മാത്രമാണ് തൊഴിൽനികുതിയായി പിരിച്ചിട്ടുള്ളത്. ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ 2 ൽ അധികം ജീവനക്കാരുള്ള ധാരാളം സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ ഉള്ളതായി കാണുന്നു. ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം ഒരു പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ അനുശാസിക്കുന്നു. അതുപ്രകാരം വ്യവസായവ്യാപാരസ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-13 പൊതുമരാമത്ത് പ്രവൃത്തികളുടെ കാലാവധി ദീർഘീകരണം - പിഴ ചുമത്തുന്നതിന് പൊതുമരാമത്ത് മാന്വലിലെ നിർദ്ദേശം പാലിക്കുന്നില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം നടത്തുന്നത് 1997 ലെ കേരള പഞ്ചായത്ത് രാജ് / കേരള മുനിസിപ്പാലിറ്റി(പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ, ജി.ഒ(പി) നം.13/2012/PWD/01-02-2012 ഉത്തരവ് പ്രകാരം 2012 ലെ പുതുക്കിയ പൊതുമരാമത്ത് മാന്വൽ, പദ്ധതി മാർഗ്ഗ രേഖ, മറ്റ് സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിലാണ്. പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് ചട്ടങ്ങളിൽ പറഞ്ഞിട്ടില്ലാത്ത കാര്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പിലെ നടപടിക്രമങ്ങൾ പാലിക്കേണ്ടതാണെന്ന് ടി ചട്ടങ്ങളിലെ ചട്ടം 18 ൽ നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത വകുപ്പിലെ നടപടിക്രമങ്ങൾ പൊതുമരാമത്ത് മാന്വലിലെ നിർദ്ദേശങ്ങൾ അനുസരിച്ചാണ്.

പൊതുമരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണത്തിനുള്ള കാലതാമസത്തിന് പിഴ ചുമത്തുന്നത് സംബന്ധിച്ച് 1997 ലെ കേരള പഞ്ചായത്ത് രാജ് / കേരള മുനിസിപ്പാലിറ്റി(പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിൽ പ്രതിപാദിച്ചിട്ടില്ലാത്തതിനാൽ പൊതുമരാമത്ത് മാന്വലിലെ നിർദ്ദേശമാണ് പാലിക്കേണ്ടത്. പുതുക്കിയ കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2112 അനുസരിച്ച് പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള സമയ ദീർഘീകരണം ആദ്യ തവണ ഒറിജിനൽ സമയത്തിന്റെ 25% അല്ലെങ്കിൽ 6 മാസം ഏതാണോ കുറവ് അതിൽ അധികരിക്കുവാൻ പാടില്ല. കാലാവധി ദീർഘിപ്പിക്കുന്നതിന് ഒറിജിനൽ കാലാവധിക്കുള്ളിൽ അസി.എഞ്ചിനിയർ മുഖേന അപേക്ഷ നൽകേണ്ടതാണ്. അപ്രകാരം അപേക്ഷ നൽകുന്ന പ്രവൃത്തികളിൽ ആദ്യ തവണ പി.എ.സി യുടെ 1% നിരക്കിൽ പരമാവധി 50000/- രൂപയും ആദ്യ തവണക്ക് ശേഷം 2% നിരക്കിൽ പരമാവധി 100000/- രൂപ എന്ന ക്രമത്തിലും പിഴ ഈടാക്കേണ്ടതാണ്. പരമാവധി ദീർഘിപ്പിക്കാവുന്ന കാലാവധി ഒറിജിനൽ സമയത്തിന്റെ 50 ശതമാനത്തിൽ അധികരിക്കാവുന്നതല്ല. ഈ കാലാവധിയ്ക്ക് ശേഷവും പൂർത്തീകരിക്കാത്ത പ്രവൃത്തി ആധികാരികമല്ല.

തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18-08-2018ലെ എ.സി. 2/223/15ത.സ്വ.ഭ.വ നമ്പർ സർക്കുലറിൽ കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാലുള്ള പിഴ ആദ്യത്തെ മൂന്ന് മാസക്കാലയളവിന് ഒരു ശതമാനം നിരക്കിലും തുടർന്നുള്ള ഓരോ മൂന്ന് മാസത്തിനും 2% നിരക്കിലും ഈടാക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്.

1997 ലെ കേരള പഞ്ചായത്ത് രാജ് / കേരള മുനിസിപ്പാലിറ്റി(പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 18 ന് ഭേദഗതി വരുത്താത്ത സാഹചര്യത്തിൽ കരാറുകാർ വരുത്തുന്ന കാലതാമസത്തിന് 18-08-2018 ന് ശേഷം പൊതുമരാമത്ത് മാന്വൽ അനുസരിച്ചുള്ള പിഴയാണോ അല്ലാത്തപക്ഷം തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18-08-2018ലെ ടി സർക്കുലറിൽ നിർദ്ദേശിച്ചിട്ടുള്ള തരത്തിലാണോ പിഴയീടാക്കേണ്ടതെന്നുള്ള കാര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എൽ.എസ്.ജി.ഡി വിഭാഗത്തിന് വ്യക്തതയില്ല. ഗ്രാമ പഞ്ചായത്തിലെ എൽ.എസ്.ജി.ഡി വിഭാഗത്തിൽ പിഴയീടാക്കുന്നത് മാന്വൽ അനുസരിച്ചോ ടി ഉത്തരവ് അനുസരിച്ചോ അല്ല. പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കാലതാമസം എത്ര തന്നെയായാലും കരാർ തുകയുടെ 1% മാത്രമാണ് പിഴയായി ഈടാക്കുന്നത്. ചില പ്രവൃത്തികൾക്ക് പിഴ ഈടാക്കിയിട്ടുമില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിശദാംശം | കാലാവധി | മാന്വൽ അനുസരിച്ച് ചുമത്തേണ്ട പിഴ | ചുമത്തിയ പിഴ | കുറവ് | റിമാർക്സ് |
|---|---|---|---|---|---|---|
| 1. | കാവനാൽപ്പടി കക്കാരുവിള റോഡ് റീടാറിംഗ്(229/18, 248/19)<br>കരാറുകാരൻ : K.J.ബിജു<br>എഗ്രിമെന്റ് നം./ തീയതി :13/AE/ERT/17-18 /12-10-17<br>PAC: 1023039 | 12-02-2018 മുതൽ 11-03-2018 വരെ | 10230 | 3103 | 27587 | മാന്വൽ പ്രകാരമാണോ 18-08-18 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിലാണോ പിഴ ചുമത്തിയതെന്ന് വ്യക്തമാക്കിയിട്ടില്ല. |
| | | 12-03-2018 മുതൽ | 20460 | | | |

| | | | | | | |
|---|---|---|---|---|---|---|
| | പ്രവൃത്തിയുടെ കാലാവധി : 4മാസം | 11-04-2018 വരെ | | | | |
| | ആരംഭിച്ച തീയതി : 12-10-17<br>പൂർത്തീകരിച്ച തീയതി: 05-10-18<br>പാർട്ട് ബിൽ നം. / തീയതി 17050352012001337379/27-03-18<br>ഫൈനൽ ബിൽ നം. / തീയതി : 19050352012000044134/05-04-19<br>തുക 310272/- | ആകെ | 30690 | | | |
| 2. | ഗുരുമന്ദിരം കൈതമുക്ക് റോഡ് സൈഡ് കെട്ട്, ഐറിഷ് ഡ്രയിൻ(127/19, 209/20)<br>കരാറുകാരൻ : അജികുമാർ. R<br>എഗ്രിമെന്റ് നം./ തീയതി : 69/AE/ERT/18-19 /31-01-19<br>PAC : 739713<br>പ്രവൃത്തിയുടെ കാലാവധി : 4മാസം | 31-05-2019 മുതൽ 30-06-2019 വരെ | 7397 | 2400 | 19791 | മാന്വൽ പ്രകാരമാണോ 18-08-18 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിലാണോ പിഴ ചുമത്തിയതെന്ന് വ്യക്തമാക്കിയിട്ടില്ല. |
| | പ്രവൃത്തി ആരംഭിച്ച തീയതി : 31-01-19<br>പൂർത്തീകരിച്ച തീയതി: 29-01-20<br>പാർട്ട് ബിൽ നം. / തീയതി 19050352012001337379/27-03-18<br>491789/-<br>ഫൈനൽ ബിൽ നം./ തീയതി : | 01-07-2019 മുതൽ 31-07-2019 വരെ | 14794 | | | |
| | 19050352012001185896/31-01-20 | ആകെ | 22191 | | | |
| 3. | തിരുമംഗലത്ത് പടി കക്കാരുവിള റോഡ് റീടാറിഗ്(68/19, 187/20)<br>കരാറുകാരൻ : ബിനുതോമസ്സ്<br>എഗ്രിമെന്റ് നം./ തീയതി :85/AE/ERT/18-19/08-03-19 | 08-09-2019 മുതൽ 22-10-2019 വരെ | 13522 | 0 | 40566 | ഫൈൻ ചുമത്തിയില്ല. |

| | | | | | | |
|---|---|---|---|---|---|---|
| | PAC: 1352159<br>പ്രവൃത്തിയുടെ കാലാവധി : 6 മാസം<br>ആരംഭിച്ച തീയതി : 08-03-19<br>പൂർത്തീകരിച്ച തീയതി: 10-12-19<br>പാർട്ട് ബിൽ നം. / തീയതി :<br>19050352012000555566/06-09-19<br>തുക 653557/-<br>ഫൈനൽ ബിൽ നം. / തീയതി :<br>20050352012000185650/21-05-20<br>തുക 698602/- | 23-10-2019 മുതൽ 06-12-2019 വരെ | 27044 | | | |
| | | ആകെ | 40566 | | | |
| | | ആകെ | 93447 | 5503 | 87944 | |

കേരള പഞ്ചായത്ത് രാജ് / കേരള മുനിസിപ്പാലിറ്റി(പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിൽ കരാർ കാലാവധി ദീർഘിപ്പിക്കുന്നതിന് പിഴ ചുമത്തുന്നത് സംബന്ധിച്ച് പറഞ്ഞിട്ടില്ലാത്ത സാഹചര്യത്തിൽ, പൊതുമരാമത്ത് മാന്വലിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് പിഴ ചുമത്താത്തതിന് വിശദീകരണം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (12/25-06-21) നൽകി. ആയതിന് മറുപടിയായി പ്രളയവും നിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യവും കണക്കിലെടുത്ത് ഒരു ശതമാനം തുക പിഴ ഈടാക്കുകയായിരുന്നുവെന്ന് അസി.എഞ്ചിനിയർ അറിയിച്ചു. ഒരു ശതമാനം തുക കണക്കാക്കിയത് ഫൈനൽ ബിൽ പ്രകാരമുള്ള ബാലൻസ് വാല്യുവേഷന്റേതാണ്. പ്രവൃത്തിയുടെ PAC തുക പരിഗണിച്ചിട്ടില്ല. തദ്ദേശ സ്ഥാപനത്തിന് ലഭിക്കുന്ന തനത് വരുമാനം എന്ന നിലയിൽ പിഴ കൃത്യതയോടെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു. പിഴയീടാക്കുന്നതിന് അവലംബിക്കേണ്ടത് തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18-08-2018ലെ ടി സർക്കുലറാണോ പൊതുമരാമത്ത് മാന്വലാണോ എന്നുള്ള കാര്യത്തിൽ വ്യക്തത വരുത്തുന്നതിനായി ഭരണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-14 ഇ ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് തിരികെ ലഭിക്കുന്നതിന് കാല താമസം

നികുതിയേതര വരുമാനമിനത്തിൽ ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട ടെണ്ടർ ഫീ എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും തിരികെ ലഭിക്കുന്നതിന് കാലതാമസം നേരിടുന്നു.

28-09-2013 ലെ ജി.ഒ.(എം.എസ്) 318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് ജില്ലാപഞ്ചായത്ത് എൽ.എസ്.ജി.ഡി എക്സി. എഞ്ചിനിയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമ പഞ്ചായത്ത് / ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് പ്രസ്തുത അക്കൗണ്ടിൽ ഒടുക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോർഡിനേഷൻ കമ്മിറ്റിയുടെ 27-07-17 ലെ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 02-10-20017 ലെ സ.ഉ (സാധാ) നമ്പർ . 3186/2017/ത.സ്വ.ഭ.വ പ്രകാരമുള്ള ഉത്തരവിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ടില്ലാത്ത എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി എസ്.ബി.ഐ യിൽ അക്കൗണ്ട് തുടങ്ങുന്നതിന് അനുമതി നല്കിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഏറത്ത് ഗ്രാമ പഞ്ചായത്തിൽ അസി.എഞ്ചിനിയറുടെ പേരിൽ അക്കൗണ്ട് തുടങ്ങിയെങ്കിലും 2019-20 സാമ്പത്തിക വർഷത്തിൽ മുൻ വർഷങ്ങളിൽ ചെയ്തതു പോലെ ജില്ലാപഞ്ചായത്ത് എൽ.എസ്.ജി.ഡി

എക്സി. എഞ്ചിനീയറുടെ പേരിലുള്ള സീറോ ബാലൻസ് അക്കൗണ്ടിലേക്കാണ് ടെണ്ടർ ഫീ ക്രഡിറ്റ് ചെയ്തിട്ടുള്ളത്. അസി.എഞ്ചിനിയർ ലഭ്യമാക്കിയ വിവരത്തിന്റെ അടിസ്ഥാനത്തിൽ 2016-17 മുതൽ 2019-20 വരെ എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്ത ടെണ്ടർഫീയുടെയും തിരികെ ലഭിച്ച തുകയുടെയും വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | പ്രോജക്ടുകളുടെഎണ്ണം | ഒടുക്കിയ ടെണ്ടർഫീ | തിരികെ ലഭിച്ച തുക | ബാലൻസ് |
|---|---|---|---|---|
| 2016-17 | 68 | 219190 | 0 | 219190 |
| 2017-18 | 35 | 241042 | 232022 | 9020 |
| 2018-19 | 28 | 153440 | 0 | 153440 |
| 2019-20 | 32 | 112898 | 0 | 112898 |
| ആകെ | 163 | 726570 | 232022 | 494548 |

2016-17 മുതൽ 19-20 വരെ ഒടുക്കിയിട്ടുള്ള ടെണ്ടർ ഫീയിൽ നാളിതുവരെ ഗ്രാമ പഞ്ചായത്തിന് 232022/- രൂപ മാത്രമാണ് തിരികെ ലഭിച്ചിട്ടുള്ളത്. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (02/17-06-21) മറുപടിയിൽ ഇ-ടെണ്ടർ ഫീ സംബന്ധിച്ച് വർഷം തിരിച്ചുള്ള കണക്ക് അസി. എഞ്ചിനിയർ ലഭ്യമാക്കി. ഗ്രാമ പഞ്ചായത്തിന് തനത് വരുമാനം ഇനത്തിൽ ലഭിക്കേണ്ട ടെണ്ടർ ഫീ യഥാ സമയം ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് ക്രഡിറ്റ് വരാഞ്ഞതു മൂലം പലിശയിനത്തിൽ വരുമാന നഷ്ടമുണ്ടായിട്ടുണ്ട്. അവശേഷിക്കുന്ന ടെണ്ടർ ഫീയായ 494548/- രൂപ തിരികെ ലഭിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിന് കിട്ടാനുള്ള തുകയായി പ്രസ്തുത തുക വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുമില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ സവിശേഷ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു. തുക ലഭ്യമാക്കുന്ന മുറയ്ക്ക് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-15 ടാറിംഗ് / റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കാലി ബാരൽ വിലയും ആയതിന്റെ ജി.എസ്.ടി യും ഈടാക്കിയില്ല

അസി. എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 വർഷം സ്പിൽ ഓവറായി നടപ്പാക്കിയ ഏതാനും ടാറിംഗ് / റീടാറിംഗ് പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരൽ വില ഈടാക്കിയിട്ടില്ലാത്തതായി കാണുന്നു. MORD സ്പെസിഫിക്കേഷൻ അനുസരിച്ച് ഡാറ്റ തയ്യാറാക്കിയിട്ടുള്ളതിൽ പായ്ക്ക്ഡ് ബിറ്റുമിന്റെ വില ഉൾപ്പെടുത്തിയ സാഹചര്യത്തിൽ കരാറുകാരൻ / കൺവീനർ നേരിട്ട് ടാർ വാങ്ങിയാൽത്തന്നെയും കാലി ബാരൽ തദ്ദേശ സ്ഥാപനത്തിലേക്ക് തിരിച്ച് ഏൽപ്പിക്കുന്നതിന് ബാദ്ധ്യസ്ഥനാണ്. ബാരൽ തിരിച്ചേൽപ്പിക്കാത്ത സാഹചര്യത്തിൽ ഉപയോഗിച്ച പായ്ക്കഡ് ബിറ്റുമിന്റെ എണ്ണത്തിന് അനുസരിച്ച് ഫൈനൽ ബില്ലിൽ നിന്നും കാലി ബാരൽ വിലയും ആയതിന്റെ ജി.എസ്.ടിയും കുറവ് ചെയ്യണമായിരുന്നു. ബാരൽ വില കുറവ് ചെയ്യാതെ ഫൈനൽ ബിൽ തുക നൽകിയതുമൂലം ഫണ്ടിനുണ്ടായ നഷ്ടത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിശദാംശം | ബാരലിന്റെ എണ്ണം | ഈടാക്കേണ്ടിയിരുന്ന ബാരൽ വില@238/Bi | ഈടാക്കേണ്ടിയിരുന്ന ജി.എസ്.ടി@ 18% | ഈടാക്കിയ തുക | കുറവ് |
|---|---|---|---|---|---|---|
| 1. | പ്ലാവിളപ്പടി കണ്ടുകുഴി സുധാ സദനം പടി റോഡ് റീടാറിംഗ് & ഐറിഷ് ഡ്രയിൻ (119/19, 204/20)<br>അടങ്കൽ തുക : 750000(MG R)<br>കരാറുകാരൻ: ബിനു തോമസ്സ് | 10 | 2380 | 428 | 0 | 2808 |

| | | | | | | |
|---|---|---|---|---|---|---|
| | ബിൽ നം./ തീയതി: 19050352012000555570/06-09-19 485479/- 19050352012001005254/29-12-19 249012/- | | | | | |
| 2. | പരുത്തിപ്പാറ മുരുകൻ കുന്ന് റോഡ് റീടാറിംഗും പുനരുദ്ധാരണവും ( 64/19, 184/20, 234/21) അടങ്കൽ തുക : 1300000(MGR) കരാറുകാരൻ: ബിനു തോമസ്സ് ബിൽ നം./ തീയതി: 19050352012000555571/06-09-19 485479/- 20050352012000185655/21-05-20 754420/- | 38 | 9044 | 1628 | 0 | 10672 |
| 3 | തിരുമംഗലത്ത് കക്കാരുവിള റോഡ് റീടാറിംഗ് (68/19, 187/20, 235/21) അടങ്കൽ തുക : 1400000(MGR) കരാറുകാരൻ: ബിനു തോമസ്സ് ബിൽ നം./ തീയതി: 19050352012000555566/06-09-19 653557/- 20050352012000185650/21-05-20 698602/- | 29 | 6902 | 1242 | 0 | 8144 |
| 4 | വിളയിൽപ്പടി വായനശാലപ്പടി റോഡ് പുനരുദ്ധാരണം (167/18,231/19, 165/20) അടങ്കൽ തുക : 1400000(MGR) കരാറുകാരൻ: ബിനു തോമസ്സ് ബിൽ നം./ തീയതി: 18050352012001264228/26-02-19 677437/- 19050352012000044135/05-04-19 977266/- | 24 | 5712 | 1028 | 0 | 6740 |
| 5 | കാവനാൽ കക്കാരുവിള റോഡ് റീടാറിംഗ് (229/18, 248/19, 160/20) | 16 | 3808 | 685 | 0 | 4493 |

| | | | | | | |
|---|---|---|---|---|---|---|
| | അടങ്കൽ തുക : 1247000(MG R)<br>കരാറുകാരൻ: K.J.ബിജു<br>ബിൽ നം./ തീയതി: 17050352012001337379/27-03-19 519843/-<br>19050352012000044134/05-04-19 310272/- | | | | | |
| 6 | ആയുർവ്വേദ ഹോസ്പിറ്റൽ റോഡ് റീ സർഫസിംഗ്, ഐറിഷ് ഡ്രയിൻ & റീടാറിംഗ് ( 145/19, 146/20)<br>അടങ്കൽ തുക : 750000(MG R)<br>കരാറുകാരൻ: ജോർജ്ജ് ജോൺ<br>ബിൽ നം./ തീയതി: 1805035201200152775/02-02-19 627533/-<br>19050352012000044142/05-04-19 62477/- | 5 | 1190 | 214 | 0 | 1404 |
| | ആകെ | 122 | 29036 | 5225 | 0 | 34261 |

ബാരൽ വില ഈടാക്കാഞ്ഞതുമൂലം ഫണ്ടിനുണ്ടായ ടി നഷ്ടം ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(09/25-06-21) ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത നഷ്ടം ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കി യഥാക്രമം കൺസോളിഡേറ്റഡ് ഫണ്ടിലേക്കും ചരക്ക് സേവന നികുതി വകുപ്പിലേക്കും ഒടുക്ക് വരുത്തുന്നതാണെന്ന് അസി.എഞ്ചിനിയർ അറിയിച്ചു. തുക ഈടാക്കി ഒടുക്കുന്ന മുറയ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## <u>1-16 ബാരൽ വില കൺസോളിഡേറ്റഡ് ഫണ്ടിലേക്കും ജി.എസ്.ടി ചരക്ക് സേവന നികുതി വകുപ്പിലേക്കും ഒടുക്ക് വരുത്തിയില്ല</u>

അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 വർഷം നടപ്പാക്കിയ ടാറിഗ്/റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കാലി ബാരൽ വിലയും ആയതിന്മേലുള്ള ജി.എസ്.ടിയും കുറവ് ചെയ്ത് സെക്രട്ടറിയുടെ ട്രഷറി തനത്ഫണ്ട് അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തിരിക്കുകയാണ്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സർക്കുലർ നം.59827/ഫ്.എം./07/ത.സ്വ.ഭ.വ/30-10-17 അനുസരിച്ച് ഏത് ഫണ്ടിൽ നിന്നാണോ ടാറിംഗ് പ്രവൃത്തികൾക്കായി തുക ചെലവഴിച്ചിട്ടുള്ളത് പ്രസ്തുത ഫണ്ടിലേക്ക് ബാരൽ വില ക്രഡിറ്റ് ചെയ്യുകയാണ് ചെയ്യേണ്ടത്. എന്നാൽ തനത് ഫണ്ട് അക്കൗണ്ടിൽ നില നിർത്തിയിട്ടുള്ള ബാരൽ വില കൺസോളിഡേറ്റഡ് ഫണ്ടിലേക്കും ജി.എസ്.ടി ചരക്ക് സേവന നികുതി വകുപ്പിലേക്കും നാളിതുവരെ ഒടുക്ക് വരുത്തിയിട്ടില്ലാത്തതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിശദാംശം | ബാരലിന്റെ എണ്ണം | കുറവ് ചെയ്ത ബാരൽ വില | കുറവ് ചെയ്ത ജി.എസ്.ടി |
|---|---|---|---|---|
| 1. | കാഞ്ഞിരവിളപ്പടി പാച്ചകാലാപ് പടി റോഡ് സെക്കൻറ് മെറ്റലിംഗ്, | 16 | 3792 | 683 |

| | | | | |
|---|---|---|---|---|
| | ഐറിഷ് ഡ്രയിൻ & ടാറിംഗ് (130/17,46/18, 198/19, 168/20)<br>അടങ്കൽ : 520000(MG Road)<br>കരാറുകാരൻ : ബിജു കരകാലിൽ<br>ഫൈനൽ ബിൽ തുക : 517522<br>ബിൽ നം./ തീയതി : 1905035201200055547/06-09-19 | | | |
| 2. | തോണ്ടലിൽ പ്പടി മൌട്ടത്ത് റോഡ് റീടാറിംഗ് & ഐറിഷ് ഡ്രയിന്, റീസർഫസിംഗ് (124/19, 206/20)<br>കരാറുകാരൻ : ബിനു തോമസ്സ്<br>അടങ്കൽ : 368500(MG R)<br>ഫൈനൽ ബിൽ തുക : 368413/-<br>ബിൽ നം./ തീയതി :19050352012001189351/31-01-20 | 10 | 2380 | 429 |
| 3. | വടേരത്ത് പടി പഴയാട്ട് പടി റോഡ് റീടാറിംഗ് (156/19, 224/20)<br>കരാറുകാരൻ : ബിനു തോമസ്സ്<br>അടങ്കൽ : 1000000(MG Road)<br>ഫൈനൽ ബിൽ തുക : 299215<br>ബിൽ നം./ തീയതി : 19050352012000118 1573/31-01-20 | 19 | 4522 | 814 |
| 4. | പ്ലാം വിളപ്പടി പാലവിളപ്പടി റോഡ് റീടാറിംഗ് ( 268/19, 235/20)<br>കരാറുകാരൻ : K.J.ബിജു<br>അടങ്കൽ : 490000(MG Road)<br>ഫൈനൽ ബിൽ തുക : 488796<br>ബിൽ നം./ തീയതി : 19050352012001185902/31-01-20 | 15 | 3570 | 429 |

| | | | | |
|---|---|---|---|---|
| | ആകെ | 60 | 14264 | 2355 |

ടി നാലാമത്തെ പ്രവൃത്തിയുടെ ബാരൽ വില 3570 രൂപയുടെ 18% ജി.എസ്.ടി 643 രൂപ കണക്കാക്കി കുറവ് ചെയ്യേണ്ടതായിരുന്നു. എന്നാൽ 12% തുകയായ 429 രൂപ മാത്രം കണക്കാക്കിയാണ് കുറവ് ചെയ്തിട്ടുള്ളത് . തൻമൂലം ജി.എസ്.ടി ഇനത്തിൽ 214 രൂപയുടെ കുറവ് വന്നിട്ടുണ്ട്. ടി വിഷയം ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ ജി.എസ്.ടി ഇനത്തിൽ കുറവായി ഈടാക്കിയ പ്രസ്തുത 214 രൂപ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്തുന്നതാണെന്നും തനത് ഫണ്ട് അക്കൌണ്ടിൽ നിലനിൽക്കുന്ന ടി 14624/- രൂപ കൺസോളിഡേറ്റഡ് ഫണ്ടിലേക്കും 2355/- രൂപ ചരക്ക് സേവന നികുതി വകുപ്പിലേക്കും ഒടുക്കു വരുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്നറിയിച്ചു. തുക ഒടുക്ക് വരുത്തി അറിയിക്കേണ്ടതാണ്.

## 1-17 ലൈഫ് ഭവന പദ്ധതി -ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല

ലൈഫ് ഭവന പദ്ധതി പ്രകാരം വീട് നിർമ്മിക്കുന്നതാനായി പണം കൈപ്പറ്റിയ ഗുണഭോക്താക്കൾ യഥാസമയം നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. പഞ്ചായത്തും ഗുണഭോക്താക്കളും തമ്മിലുള്ള കരാർ പ്രകാരം കരാർ തീയതി മുതൽ 6 മാസത്തിനകം നിർമ്മാണം പൂർത്തിയാക്കേണ്ടതായിരുന്നു. എന്നാൽ 2018-2019 സാമ്പത്തിക വർഷം കരാർ വെച്ച താഴെ പറയുന്ന ഗുണഭോക്താക്കൾ വീട് നിർമ്മിക്കുന്നതാനായുള്ള പണം ഭാഗീകമായി കൈപ്പറ്റിയിട്ടുണ്ടെങ്കിലും നിർമ്മാണം പൂർത്തീകരിക്കുകയോ പണം പൂർണ്ണമായി കൈപ്പറ്റുകയോ ചെയ്തിട്ടില്ല.

| ക്രമനമ്പർ | ഗുണഭോക്താക്കളുടെ പേര്,വിലാസം | കരാർ തീയതി | നൽകിയിട്ടുള്ള തുക | ഗഡു അവസാനമായി നൽകിയ തീയതി |
|---|---|---|---|---|
| 1 | ദീനാമ്മ<br>കിണറുവിളയിൽ,മണക്കാല | 18-07-2018 | 200000 | 13-09-2018 |
| 2 | ബീന<br>അയണിവിള,മണക്കാല | 21-07-2018 | 300000 | 20-08-2019 |
| 3 | അന്ന<br>ചെളിക്കുഴി തെക്കേക്കര<br>വയല.പി.ഒ | 24-07-2018 | 200000 | 22-01-2020 |
| 4 | ഭാർഗ്ഗവി<br>കോട്ടറേത്ത്<br>വടക്കടത്തുക്കാവ് | 24-07-2018 | 300000 | 30-10-2019 |
| 5 | ഉഷ<br>ശിവവിലാസം<br>ചൂരക്കോട് | 24-07-2018 | 200000 | 27-01-2020 |
| 6 | അജിത<br>ഭാസ്കരാലയം,മണക്കാല | 27-07-2018 | 300000 | 06-11-2019 |
| 7 | സൂസമ്മ<br>പൂക്കോട്,മണക്കാല | 11-10-2018 | 200000 | 25-08-2020 |
| 8 | തബിദ<br>പുത്തൻ വിളയിൽ<br>മണക്കാല | 18-07-2018 | 200000 | 11-02-2019 |
| 9 | ലൈലാമ്മ | 23-07- | 300000 | 17-02-2021 |

| | | | | |
|---|---|---|---|---|
| | തെക്കേപ്ലാവിള കിഴക്കതിൽ,മണക്കാല | 2018 | | |
| 10 | രാജി.ജി സുരേഷ് ഭവൻ,ചൂരക്കോട് | 06-08-2018 | 200000 | 22-03-2019 |

ഗുണഭോക്താക്കളെക്കൊണ്ട് വീട് നിർമ്മാണം പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുകയോ വീട് നിർമ്മാണം പൂർത്തീകരിക്കുന്നതിന് സാധിക്കാത്ത ഗുണഭോക്താക്കളിൽ നിന്നും പണം തിരികെ ഈടാക്കുകയോ ചെയ്യേണ്ടതാണ്.

## 1-18 പൊതുമരാമത്ത് പ്രവൃത്തികൾക്ക് വകയിരുത്തിയ 4.10കോടി രൂപ ലാപ്സായി

അസി. എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 വർഷം 79262698/- രൂപ വകയിരുത്തി അംഗീകാരം ലഭിച്ച 144 പ്രോജക്ടുകളിൽ 94 പ്രവൃത്തികൾ സ്പിൽ ഓവറും 50 എണ്ണം തൻ വർഷം ഏറ്റെടുത്ത പുതിയ പ്രവൃത്തിയുമാണ്. ഏറ്റെടുത്ത പ്രവൃത്തികളിൽ 115 എണ്ണം ഭാഗീകമായി/പൂർണ്ണമായി പൂർത്തീകരിച്ചുവെങ്കിലും 83 പ്രവൃത്തികളുടെ ബിൽ മാത്രമേ ട്രഷറിയിൽ സമയബന്ധിതമായി സമർപ്പിച്ച് തുക ചെലവഴിച്ചിട്ടുള്ളൂ. 31-10-19 മുതൽ 30-03-20 വരെ സമർപ്പിച്ച 46 ബിൽ (ട്രഷറി ക്യൂവിൽ ഉൾപ്പെട്ടിട്ടുള്ളത് സഹിതം) തൻ വർഷം മാറാൻ കഴിഞ്ഞിട്ടില്ല. 29 പ്രവൃത്തികൾ നടപ്പാക്കിയില്ല.

ഏറ്റെടുക്കുന്ന പ്രവൃത്തികൾ പ്രവർത്തന കലണ്ടർ അനുസരിച്ച് സമയബന്ധിതമായി നടപ്പാക്കാതെ സ്പിൽ ഓവറാക്കുന്ന പ്രവണത ആശാസ്യമല്ല. പശ്ചാത്തല മേഖലയിലെ വികസന പ്രവർത്തനങ്ങൾക്ക് വാർഷിക പദ്ധതിയിൽ ഗ്രാമ പഞ്ചായത്ത് വകയിരുത്തുന്ന തുക, നിർവ്വഹണ ഉദ്യോഗസ്ഥന്റെയും കരാറുകാരുടെയും അനാസ്ഥമൂലവും സമയബന്ധിതമായി പൂർത്തീകരിക്കാഞ്ഞതുമൂലവും കോടികൾ ലാപ്സാകുന്നു. ഫണ്ട് ലാപ്സാക്കുന്നതിന്റെ വിവരം മുൻവർഷങ്ങളിലെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരുന്നുവെങ്കിലും നാളിതുവരെ നടപടി സ്വീകരിച്ചിട്ടില്ല. ലഭ്യമാക്കുന്ന ഫണ്ട് സമയബന്ധിതമായി ചെലവഴിക്കാതെ നഷ്ടപ്പെടുത്തുന്നതിന്റെ ഗൗരവം എൽ.എസ്.ജി.ഡി പൊതുമരാമത്ത് വിഭാഗം വേണ്ടത്ര ഉൾക്കൊള്ളുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ആവിഷ്ക്കരിച്ച പദ്ധതികൾ(എണ്ണം) | അടങ്കൽ തുക | നടപ്പാക്കിയതും തുക ചെലവഴിച്ചിട്ടുള്ളതുമായ പദ്ധതികളുടെ എണ്ണം | ചെലവഴിച്ചതുക | ട്രഷറി ക്യൂവിലായ ബിൽ(എണ്ണം) | ലാപ്സായ ബിൽ (ട്രഷറി ക്യൂബിൽ)തുക | ലാപ്സാകാത്ത അടങ്കൽ(തനത്, കേന്ദ്രം, മറ്റ് വിഹിതം ചെലവഴിക്കാത്തത് | ലാപ്സായ അടങ്കൽ(വികസന ഫണ്ട്, റോഡ്-റോഡിതര ഫണ്ടുകൾ, ധനകാര്യ കമ്മീഷൻഗ്രാന്റ്) |
|---|---|---|---|---|---|---|---|
| 144 | 79262698 | 83 | 30139191 | 46 | 20347237 | 8132360 | 20643910 |

സാമ്പത്തിക വർഷാവസാനം സമർപ്പിച്ച ബിൽ ക്യൂവിലായതുമൂലവും 29 പ്രവൃത്തികൾ നടപ്പാക്കാതിരുന്നതിനാലും പശ്ചാത്തല വികസനം ലക്ഷ്യമാക്കി ആവിഷ്ക്കരിച്ച പൊതുമരാമത്ത് പ്രവൃത്തികൾക്ക് വകയിരുത്തിയ 40991147/- രൂപ 2019-20 ൽ ലാപ്സാക്കി. മരാമത്ത് പ്രവൃത്തികൾ കരാർ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാതെ കാലാവധി ദീർഘിപ്പിച്ച് നൽകിയും അല്ലാതെയും പദ്ധതി പ്രവർത്തനം നീട്ടിക്കൊണ്ടുപോകുകയും മാർച്ച് അവസാനത്തോടെ പൂർത്തീകരിച്ച് കൂടുതൽ ബില്ലുകൾ സമർപ്പിക്കുകയും ട്രഷറി നിയന്ത്രണം മൂലം ക്യൂവിലാവുകയും തുക ചെലവഴിക്കാൻ കഴിയാതെ വരികയും ചെയ്യുന്നു. മുൻ വർഷങ്ങളിൽ ഈ അവസ്ഥ റിപ്പോർട്ട് ചെയ്തിട്ടും ആയതിന് പരിഹാര നടപടികൾ ഉണ്ടായിട്ടില്ല. മോണിട്ടറിംഗ് സമിതിയുടെ മേൽ നോട്ടത്തിന്റെ അഭാവവും നിർവ്വഹണ ഉദ്യോഗസ്ഥരുടെയും കരാറുകാരുടെയും ഭാഗത്ത് നിന്നുള്ള വീഴ്ചയും മൂലം മരാമത്ത് പ്രവൃത്തികൾക്കായി വകയിരുത്തിയ 4.10കോടി രൂപ തൻവർഷം ലാപ്സാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (4/21.06.2021) മറുപടിയായി 2019 നവംബർ മുതൽ ചെയ്ത പണികളുടെ പേയ്മെന്റ് ലഭിക്കുന്നതിന് കാലതാമസം വന്നപ്പോൾ നിർമ്മാണ മേഖല പ്രതിസന്ധിയിലായതായി അസി.എഞ്ചിനിയർ അറിയിച്ചു. കൂടാതെ, മെയിന്റനൻസ് ഗ്രാന്റ് ഏറ്റവും കൂടുതൽ ലഭിക്കുന്ന പഞ്ചായത്തുകളിലൊന്നായ ഏറത്ത് ഗ്രാമ പഞ്ചായത്തിൽ അസി.എഞ്ചിനിയറും രണ്ട് ഓവർസീയറും ദിവസ വേതനാടിസ്ഥാനത്തിൽ ഗ്രാമ പഞ്ചായത്ത് നിയമിച്ച ഒരു ക്ലാർക്കും മാത്രമാണ് സാങ്കേതിക വിഭാഗത്തിലുള്ളത്. നിർമ്മാണ പ്രവൃത്തികൾ കൂടാതെ ഓക്യുപ്പെൻസി പരിശോധന, വ്യക്തിഗത ആനുകൂല്യങ്ങളുടെ എസ്റ്റിമേറ്റ്, വാല്യുവേഷൻ തുടങ്ങിയ കാര്യങ്ങൾ ഉൾപ്പെടെ അമിത ജോലി ഭാരമാണ് നിലവിലുള്ളതെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ വ്യക്തമാക്കി.സാങ്കേതിക വിഭാഗം ചൂണ്ടിക്കാട്ടിയ കാര്യങ്ങൾ പ്രസക്തമാണെങ്കിലും 4.10 കോടി രൂപ നഷ്ടമായെന്നുള്ളത് ശ്രദ്ധേയമാണ്.

പ്രസ്തുത തുക തിരികെ ലഭിക്കുന്നതുമല്ല. ഫണ്ട് ലാപ്സാകുന്ന പ്രവണത ആവർത്തിക്കാതിരിക്കാൻ ശക്തമായ നടപടികൾ ആവശ്യമാണെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

മോണിട്ടറിംഗ് സമിതിയുടെ ശക്തമായ മേൽ നോട്ടത്തിന്റെ അഭാവവും വികസന സ്റ്റാന്റിംഗ് കമ്മിറ്റി വാർഷിക പദ്ധതി യഥാസമയം വിലയിരുത്തി വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിലെ പോരായ്മയും കരാറുകാർ സമയ ബന്ധിതമായി പ്രവൃത്തി നടപ്പാക്കുന്നതിൽ കാണിക്കുന്ന അനാസ്ഥയും സാങ്കേതിക വിഭാഗത്തിലെ സ്റ്റാഫ് പരിമിതമായതും മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം അനന്തമായി നീളുന്നതിനിടയാക്കി. ഭരണസമിതിയുടെയും ഭരണവകുപ്പിന്റെയും സത്വര ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-19 സ്കൂൾ മേൽക്കൂരയിൽ നിന്നും പൊളിച്ച് മാറ്റിയ പഴയ ഓട് നാളിതു വരെ ലേലം ചെയ്തില്ല

അസി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 400000 രൂപ റോഡിതര മെയിന്റനൻസ് ഗ്രാന്റ് വകയിരുത്തി 2019-20ൽ ആവിഷ്കരിച്ച് നടപ്പാക്കിയ സർക്കാർ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം(45/20) എന്ന പദ്ധതിയുടെ ഭാഗമായി പുതുശേരിഭാഗം ഗവ. എൽ.പി. സ്കൂളിന്റെ പഴയ മേൽക്കൂര പൊളിച്ച് മാറ്റി അലൂമിനിയം ഷീറ്റ് ഉപയോഗിച്ച് പുതിയ മേൽക്കൂര സ്ഥാപിച്ചിരുന്നു. പൊളിച്ച് മാറ്റിയ പഴയ ഓട് സ്റ്റാക്ക് ചെയ്തിട്ടുള്ളത് ലേലം ചെയ്യുന്നതിനായി അസി.എഞ്ചിനീയർ സെക്രട്ടറിക്ക് റിപ്പോർട്ട് ചെയ്തുവെങ്കിലും ലേല നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

3516977/- രൂപയുടെ സാങ്കേതികാനുമതി ലഭിച്ചിരുന്ന പ്രസ്തുത മെയിന്റനൻസ് പ്രവൃത്തി എസ്റ്റിമേറ്റ് നിരക്ക് ക്വോട്ട് ചെയ്ത ശ്രീ. ജി. ഹരിദാസ് എന്ന കരാറുകാരൻ 19-12-19 ൽ കരാർ ചമച്ച് ഏറ്റെടുക്കുകയും നിർമ്മാണ വേളയിൽ വന്ന മാറ്റത്തിന് അനുസരിച്ച് എസ്റ്റിമേറ്റ് റിവൈസ് ചെയ്യുകയും(393881.07) 26-01-2020 ൽ പൂർത്തീകരിക്കുകയും ചെയ്തു. അളവ് പുസ്തകം 50/19-20പ്രകാരം പ്രവൃത്തിമൂല്യം 351680/- രൂപ കണക്കാക്കി 12% ചരക്ക് സേവന നികുതി കൂടി ഉൾപ്പെടുത്തി ഫൈനൽ ബിൽ തുക 393666/- രൂപയായി നിജപ്പെടുത്തി നികുതികളുൾപ്പെടെ അത്രയും രൂപ ചെലവഴിച്ചിട്ടുണ്ട്(ബിൽ നം.76/19-20/13-03-20).

ടി പ്രവൃത്തിയുടെ ഭാഗമായി പഴയ മേൽക്കൂരയിലെ ഓട് പൊളിച്ച് മാറ്റിയതിന്റെ അളവ് താഴെപ്പറയും പ്രകാരം അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

| ഇനം | അളവ് |
|---|---|
| ഇനം(1)<br>Dismantling Tiled Roofing With Battens, Boarding Etc. Complete Including Stacking Of Serviceable Material And Disposal Of Unserviceable Material Within 50 Meters Lead. | 332.97m2 |

അസി.എഞ്ചിനിയറുടെ സർവ്വേ റിപ്പോർട്ട് അനുസരിച്ച് പൊളിച്ച് മാറ്റിയ പഴയ ഓട് സ്റ്റാക്ക് ചെയ്തിട്ടുള്ളത് ഒരു ച: മീറ്ററിന് 14.97എണ്ണം എന്ന കണക്കിൽ 4828 എണ്ണമുള്ളതായും ആയതിന്റെ മൂല്യം 4126/- രൂപയായും കണക്കാക്കിയിട്ടുള്ളത് അസി.എക്സി.എഞ്ചിനിയർ അംഗീകരിച്ചിട്ടുണ്ട്. ടി ഓട് സ്കൂൾ സൈററിൽ സൂക്ഷിച്ചിട്ടുള്ളതായി 06-03-2020 ൽ അസി. എഞ്ചിനിയർ സെക്രട്ടറിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഓട് ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടിയിട്ടുണ്ടോ എന്ന് ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(05/21-06-21) ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ നാളിതുവരെ ലേലം നടത്തിയിട്ടില്ലെന്നും ഉടൻ തന്നെ ലേലം നടത്തി പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതാണെന്നും അറിയിച്ചു. ലേലം നടത്തുന്ന മുറയ്ക്ക് തുക പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്ക് വരുത്തി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-20 ഡെപ്പോസിറ്റ് പ്രവൃത്തി- നിർവ്വഹണ ഏജൻസിയിൽ അവശേഷിച്ച തുക തിരികെ ഈടാക്കിയില്ല

2017-18 വർഷം മൈലക്കൽ, കക്കാട് എസ്സ്.സി കോളനിയിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ എന്ന പ്രവൃത്തി ചെയ്യുന്നതിന് അസിസ്റ്റന്റ് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായുള്ള പദ്ധതി പ്രകാരം 3,00,000 രൂപ പത്തനംതിട്ട പൊതുമരാമത്ത് വിഭാഗം എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയത്തിൽ നിക്ഷേപിച്ചിരുന്നു. പ്രവൃത്തിയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായതിൽ 49748 രൂപ ചെലവഴിക്കാതെ നിർവ്വഹണ

സ്ഥാപനത്തിൽ അവശേഷിക്കുന്നുണ്ട്. ബാലൻസ് തുക തിരികെ ലഭിക്കുന്നതിനായി 25.01.2020 ൽ എക്സിക്യൂട്ടീവ് എൻജിനീയർക്ക് കത്ത് നൽകിയെങ്കിലും നാളിതുവരെ തുക തിരികെ ലഭ്യമായില്ല. തുക തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കുകയോ അല്ലാത്ത പക്ഷം മറ്റ് പ്രോജക്ടുകൾക്ക് വേണ്ടി വിനിയോഗിക്കുകയോ ചെയ്യേണ്ടതാണ്. ഈ വിഷയത്തിൽ പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 1-21 തെരുവ് വിളക്ക് സ്ഥാപിക്കലും അറ്റകുറ്റപ്പണികളും-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം | 20/2020 |
| പ്രോജക്ടിന്റെ പേര് | തെരുവ് വിളക്ക് സ്ഥാപിക്കലും അറ്റകുറ്റപ്പണികളും |
| അടങ്കൽ | 1010000(ധനകാര്യ കമ്മീഷൻ അവാർഡ്+500000(തനത് ഫണ്ട്) |
| ചെലവ് തുക | 679940 |
| ബിൽ നം/തീയതി | 29/10/2019 - 338300<br>24/01/2020 – 341640 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

**പദ്ധതിപ്രകാരം സ്ഥാപിച്ച തെരുവു വിളക്കുകളുടെ എണ്ണം സംബന്ധിച്ച്** വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം, അറ്റകുറ്റപ്പണികൾ നടത്തിയ കരാറുകാർ നൽകിയ ബില്ലുകൾ എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| വാർഡ് നം. | ലൈറ്റുകളുടെ എണ്ണം(വാർഡ് മെമ്പർമാരുടെ സാക്ഷ്യ പത്ര പ്രകാരം) | ലൈറ്റുകളുടെ എണ്ണം(കരാറുകാർ നൽകിയ ബിൽ പ്രകാരം) |
|---|---|---|
| 1 | 125 | 125 |
| 2 | 125 | 125 |
| 3 | 167 | 167 |
| 4 | 262 | 262 |
| 5 | 125 | 125 |
| 6 | രേഖപ്പെടുത്തിയിട്ടില്ല | 125 |
| 7 | 240 | 240 |
| 8 | രേഖപ്പെടുത്തിയിട്ടില്ല | 245 |
| 10 | 268 | 268 |
| 11 | 125 | 125 |
| 12 | രേഖപ്പെടുത്തിയിട്ടില്ല | 70 |
| 13 | 245 | 245 |
| 14 | 105 | 105 |
| 15 | 505 | 505 |
| 16 | 288 | 230 |
| 17 | 205 | 205 |
| | | |

| | | |
|---|---|---|
| 9 | 216 | 216 |
| ആകെ | 3001 | 3383 |

സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 3200 ലൈറ്റുകൾ സ്ഥാപിച്ചതായും 800 ലൈറ്റുകൾ നീക്കിയിരിപ്പുള്ളതായും രേഖപ്പെടുത്തലുണ്ട്. കണക്കുകൾ വ്യത്യസ്തമായതിന് വിശദീകരണം ലഭ്യമാക്കുന്നതിനും സ്റ്റോക്കിൽ ലൈറ്റുകൾ നിലവിൽ ഉണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനുമായി ഓഡിറ്റ് എൻക്വയറി(10/25.06.2021) മുഖേന ആവശ്യപ്പെട്ടിരുന്നു. ആയതിന് മറുപടിയായി 3200 വിളക്കുകൾ 2019-20 ലും 800 വിളക്കുകൾ 2020-21 ലും സ്ഥാപിച്ചിട്ടുണ്ടെന്നും 11.04.2020 ൽ ആയതിന് ഇലക്ട്രീഷ്യന് വേതനം നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. സ്റ്റോക്ക് രജിസ്ററിൽ ശേഷിച്ചിരുന്ന 800 വിളക്കുകൾ വിതരണം ചെയ്തതിന്റെയും വേതനം നൽകിയതിന്റെയും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആദ്യം സ്ഥാപിച്ച 3383 ലൈറ്റുകൾക്കുള്ള വേതനം സംബന്ധിച്ച വിവരങ്ങൾ മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. ആയതിനാൽ മറുപടി അംഗീകരിക്കുന്നില്ല.

. തെരുവ് വിളക്കുകൾ സ്ഥാപിക്കുന്ന വേളയിൽ പ്രവർത്തനരഹിതമായ വിളക്കുകളും അനുബന്ധ ഉപകരണങ്ങളും പോസ്റ്റിൽ നിന്ന് മാറ്റി പഞ്ചായത്തിൽ തിരികെ ഏൽപ്പിക്കേണ്ടതും ആയതിന്റെ വിവരം പ്രത്യേകമായി ഒരു രജിസ്റ്ററിൽ ഉൾപ്പെടുത്തുകയും വേണ്ടിയിരുന്നു. എന്നാൽ പ്രവർത്തന രഹിതമായ വിളക്കുകളുടെ കണക്കുകൾ സൂക്ഷിച്ചിട്ടില്ല. എൻക്വയറിക്കുള്ള മറുപടിയിൽ വളരെ കുറച്ച് തെരുവ് വിളക്കുകൾ മാത്രമേ കേടായ നിലയിൽ തിരികെ എത്തിച്ചിട്ടുള്ളൂ എന്നും ആയത് സ്റ്റോക്കിലെടുത്ത് വാല്യുവേഷൻ രേഖപ്പെടുത്തി ലേലം ചെയ്യുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

മേൽ സൂചിപ്പിച്ചിട്ടുള്ള അപാകങ്ങളിന്മേൽ പരിഹാര നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. ടി. വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-22 നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല

നിക്ഷേപ പ്രവൃത്തികൾക്കായി 2019-20 ൽ വിവിധ നിർവ്വഹണ ഏജൻസികൾക്ക് ചുവടെ ചേർക്കുന്ന പ്രോജക്റ്റുകൾ പ്രകാരം സെക്രട്ടറി തുകകൾ നൽകിയിട്ടുണ്ട്. എന്നാൽ ടി പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

| ക്രമ നം | പ്രോജക്ട് നം, പേര് | നിർവ്വഹണ ഏജൻസി | അടങ്കൽ | ചെലവ് | ബിൽ നം/ തീയതി |
|---|---|---|---|---|---|
| 1 | 289/2020, തുവയൂർ വടക്ക് വാർഡിലെ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | വാട്ടർ അതോറിറ്റി | 59250(ധനകാര്യ കമ്മീഷൻ അവാർഡ്)+240750(തനത് ഫണ്ട്) | 300000 | 141144/24.01.20<br>2315520/25.01.2020 |
| 2 | 290/2020, ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | കെ.എസ്.ഇ.ബി | 123400(തനത് ഫണ്ട്) | 110531 | 162/24.02.2020 |
| 3 | 294/2020, സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | കെ.എസ്.ഇ.ബി | 500000( തനത് ഫണ്ട്) | 16600 | 275886/13.08.2019 |
| 4 | 295/2020, ബദാം മുക്ക് അന്തിച്ചിറ കുടിവെള്ള | വാട്ടർ അതോറിറ്റി | 320000( തനത് ഫണ്ട്) | 310000 | 2315519/25.01.2020 |

| | | | | | |
|---|---|---|---|---|---|
| | പൈപ്പ് ലൈൻ നീട്ടൽ | | | | |
| 5 | 268/2020 പി.എച്ച്.സിക്ക് കുഴൽ കിണർ നിർമ്മാണം | ഭൂജല വകുപ്പ് | 152000(വികസന ഫണ്ട്) | 152000 | 410564/02.08.2019 |

ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം7/23.06.2021) മറുപടിയായി നിലവിൽ പ്രസ്തുത പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രം നിർവ്വഹണ ഏജൻസികൾ ലഭ്യമാക്കിയിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്.

ആയത് ലഭ്യമാകുന്ന മുറയ്ക്ക് അറിയിക്കേണ്ടതാണ്.

## 1-23 മരുന്നുകളും ഉപകരണങ്ങളും ലഭ്യമാകാൻ അവശേഷിക്കുന്നു

പാലിയേറ്റീവ് കെയർ പദ്ധതിയുടെ ഭാഗമായി കെ.എം.എസ്സ്.സി.എല്ലിൽ നിന്നും മരുന്നുകളും ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ബിൽ നം/ തീയതി | തുക | ലഭിക്കാൻ അവശേഷിക്കുന്ന മരുന്നുകൾ (തുകയിൽ) |
|---|---|---|---|
| 1 | 5/14.11.19 | 489601 | 136529 |
| 2 | 10/16.06.20 | 372962 | 565 |
| 3 | 11/16.06.20 | 125000 | 1496 |
| | ആകെ | | 138590 |

ലഭ്യമാകാൻ അവശേഷിക്കുന്ന മരുന്നുകൾ, ഉപകരണങ്ങൾ എന്നിവ ലഭ്യമാകുന്ന മുറയ്ക്ക് ആയത് സ്റ്റോക്കിലെടുക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

## 4-1 സംയുക്തപദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| | | | | | |

| | | | | | |
|---|---|---|---|---|---|
| ജില്ലാപ്പഞ്ചായത്ത് | 2019-20 | 11018852 | ലൈഫ് | 3399667 | 7619185 |
| ജില്ലാപ്പഞ്ചായത്ത് | 2019-20 | 195400 | ഭിന്ന ശേഷിക്കാർക്ക് സ്കോളർഷിപ്പ് | 195400 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 2019-20 | 125000 | ഭിന്ന ശേഷിക്കാർക്ക് സ്കോളർഷിപ്പ് | 125000 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 2019-20 | 74800 | നെൽകൃഷി വികസനം | 74800 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 2019-20 | 2044996 | ലൈഫ് | 1960000 | 84996 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| തുക നൽകിയ സ്ഥാപനം | പ്രോജക്ടിന്റെ വിശദാംശം | മുൻകൂറായി നൽകിയ തുക | ബിൽ നം/ തീയതി | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | തുവയൂർ വടക്ക് വാർഡിലെ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ ,289/2021 | 240750 - (തനത് ഫണ്ട്) 59250-CFC | 2315520/ 25.01.2020 141144 / 24/01/2020 | 0 | 300000 |
| കേരള വാട്ടർ അതോറിറ്റി | ബദാം മുക്ക് അന്തിച്ചിറ കുടിവെള്ള പൈപ്പ് ലൻ നീട്ടൽ , 295/2021 | 310000 (തനത് ഫണ്ട്) | 2315519/ 25.01.2020 | 0 | 310000 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ, 294/2021 | 16600 (തനത് ഫണ്ട്) | 275886/ 13.08.2019 | 0 | 16600 |
| കെ.എസ്.ഇ.ബി | കെ.എസ്.ഇ.ബി ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ 290/2020 | 110531 (തനത് ഫണ്ട്) | 162/ 24.02.2020 | 0 | 110531 |
| ഭൂജല വകുപ്പ് | പി.എച്ച്.സിയ്ക്ക് കുഴൽ കിണർ നിർമ്മാണം, 268/2021 | 152000 | 410564/ 02/08/2019 | 0 | 152000 |
| സോഷ്യോ | പട്ടികജാതി | 156600 | 152499/ | 156600 | 0 |

| | | | | | |
|---|---|---|---|---|---|
| ഇക്കണോമിക് യൂണിറ്റ് ഫൌണ്ടേഷൻ, ആലപ്പുഴ | കോളനികളിൽ കുടിവെള്ള പദ്ധതി, 288/2021 | | 27/01/2020 | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കാൻ അവശേഷിക്കുന്നത്

| ക്രമ നമ്പർ | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ നമ്പർ/ ചെക്ക് നമ്പർ | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|---|
| ഇല്ല | | | | | | |

## 4-4 വായ്പ/ വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം ലൈഫ് പ്രോജക്ടിനായി പഞ്ചായത്തിന് 19580000രൂപ വായ്പ ലഭിച്ചിട്ടുണ്ട്.

തൻ വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവനപദ്ധതി | സ.ഉ.(പി) നം. 90/2019/ തസ്വഭവ തീയതി 05/04/2019,28/10/2019 | 19580000 | 14157056 | 2073530 | | 31663526 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/ തീയതി |
|---|---|---|---|---|
| 2014-15 | 2(2) | 1250 | സെക്രട്ടറി, കോ- ഓപ്പറേറ്റീവ് ബാങ്ക് , ചൂരക്കോട് | 119110100627/ 10.05.2019 |
| 2015-16 | 2(9) | 2500 | സെക്രട്ടറി, കോ- ഓപ്പറേറ്റീവ് ബാങ്ക് , ചൂരക്കോട് | 119110100627/ 10.05.2019 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 2014-15 | 2(1) | 2016-17 | അനുബന്ധം 4 | തൊഴിൽ നികുതി |

## 4-8 ചാർജ് /സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് [മുന്നിരിപ്പ് തുക ഉൾപ്പെടെ, റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം] | 137666919 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 103401896 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി)ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

## 4-10 തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96 | എൽ.എഫ്.പി.റ്റി.എ പി3- 771/97 തീയതി 03.06.98 |
| 1996-97 | എൽ.എഫ്.പി.റ്റി.എ പി3-66/98 തീയതി 08.07.98 |
| 1997-98 | എൽ.എഫ്.പി.റ്റി.എ പി4-148/07തീയതി 04.12.07 |
| 1998-99 | എൽ.എഫ്.പി.റ്റി.എ പി4-149/07തീയതി 12.06.07 |
| 1999-00 (വരവ്) | എൽ.എഫ്.പി.റ്റി.എ പി4-481/07തീയതി 16.10.07 |
| 1999-00 (ചെലവ്) | എൽ.എഫ്.പി.റ്റി.എ പി3-606/00തീയതി 14.08.01 |
| 2000-01(വരവ്) | എൽ.എഫ്.പി.റ്റി.എ പി4-482/07തീയതി 16.10.07 |
| 2000-01(ചെലവ്) | എൽ.എഫ്.പി.റ്റി.എ പി2-704/02തീയതി 31.03.03 |
| 2001-02 (ജ.ആ) | എൽ.എഫ്.പി.റ്റി.എ പി2-453/04തീയതി 13.01.05 |
| 2001-02 | എൽ.എഫ്.പി.റ്റി.എ പി4-703/06തീയതി |

| | |
|---|---|
| (ചെലവ്) | 05.12.06 |
| 2001-02 (വരവ്) | എൽ.എഫ്.പി.റ്റി.എ പി4-647/07തീയതി 16.10.07 |
| 2002-03 | എൽ.എഫ്.പി.റ്റി.എ പി2-751/04തീയതി 05.04.05 |
| 2003-04 | എൽ.എഫ്.പി.റ്റി.എ പി10-474/08തീയതി 27.02.10 |
| 2004-05 | എൽ.എഫ്.പി.റ്റി.എ പി10-479/08തീയതി 30.03.10 |
| 2005-06 | എൽ.എഫ്.പി.റ്റി.എപി10-340/10തീയതി 06.01.11 |
| 2006-07 | എൽ.എഫ്.പി.റ്റി.എ പി4-392/11തീയതി 22.11.12 |
| 2007-08 To10-11 | എൽ.എഫ്.പി.റ്റി.എ പി10-1113/12തീയതി 20.03.13 |
| 2011-12 &12-13 | എൽ.എഫ്.പി.റ്റി.എപി10-588/14തീയതി 27.10.14 |
| 2013-14 | എൽ.എഫ്.പി.റ്റി.എപി10-322/15തീയതി 12.06.15/13.07.15 |
| 2014-15 | എൽ.എഫ്.പി.റ്റി.എപി10-775/15തീയതി 26.08.2015 |
| 2015-16 | കെ.എസ്.എ.പി.റ്റി.എ പി.10.1321/16 തീയതി 07.12.2016 |
| 2016-17 | കെ.എസ്.എ.പി.റ്റി.എ പി.10.669/17 തീയതി 22.06.2017 |
| 2017-18 | കെ.എസ്.എ.പി.റ്റി.എ പി.10/1357/2018 തീയതി 24.10.2018 |
| 2018-19 | കെ.എസ്.എ.പി.റ്റി.എ പി.10/604(എ)/2019 തീയതി 8.08.2019 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ ഇരത്ത് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ ഇരത്ത് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്